## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 463** **08-07-2024 - ൽ മറുപടിയ്ക്ക്**

## കുടുംബശ്രീ ബ്രാൻഡിംഗ് പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ. പി. ടി. എ. റഹീം | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | കുടുംബശ്രീ ഉല്പന്നങ്ങളുടെ വിപണന സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് കുടുംബശ്രീ ബ്രാൻഡിൽ ഉല്പന്നങ്ങൾ വിപണിയിൽ എത്തിക്കുന്നതിന് പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; | (എ) | ഉണ്ട്. കുടുംബശ്രീയുടെ കറിപാഡർ, ധാന്യപ്പൊടി മേഖലയിൽ വിപണി വികസനത്തിനും ഉല്പന്നങ്ങൾ കൂടുതൽ ആകർഷകമാക്കുന്നതിനും വേണ്ടി സംസ്ഥാനതലത്തിൽ ഏകികൃത ബ്രാൻഡിംഗ് ഉല്പന്നങ്ങൾ വിപണിയിൽ എത്തിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇത്തരത്തിൽ ഏകികൃത ബ്രാൻഡിൽ ഉല്പന്നങ്ങൾ വിപണിയിൽ എത്തിക്കുന്നതിന് ജില്ലാതലത്തിൽ കറിപഡർ, ധാന്യപ്പൊടി മേഖലയിൽ പ്രവർത്തിക്കുന്ന സംരംഭകരെ കണ്ടെത്തുകയും ടി സംരംഭകരുടെ കൺസോർഷ്യം രൂപീകരിച്ച് അവരുടെ മൂല്യശൃംഖല വികസനം ഏകീകരിക്കുന്ന തരത്തിലുള്ള പരിശീലനങ്ങൾ നൽകുകയും ചെയ്യുന്നു. ടി പരിശിലനങ്ങളിലൂടെ ഉല്പന്നങ്ങളുടെ പ്രൊഡക്ഷൻ പ്രോട്ടോകോൾ ഏകികരിക്കുകയും സംസ്ഥാനതലത്തിൽ ഉല്പന്നത്തിന്റെ പാക്കറ്റുകളുടെ ഏകികൃത ഡിസൈൻ തയ്യാറാക്കി കൺസോർഷ്യങ്ങൾക്ക് നൽകുന്നു. ജില്ലാ കൺസോർഷ്യം മുഖേന ടി പായ്ക്കറ്റുകൾ പ്രിന്റ് ചെയ്തു സംരംഭകർക്ക് വിതരണം ചെയ്യുന്നു. നിലവിൽ കണ്ണൂർ, മലപ്പുറം, കോട്ടയം, തൃശ്ശൂർ ജില്ലകളിലെ കറിപാഡർ, ധാന്യപ്പൊടി മേഖലയിൽ പ്രവർത്തിക്കുന്ന സംരംഭകരുടെ കൺസോർഷ്യം രൂപീകരിച്ച് മൂല്യശൃംഖല വികസനം സാധ്യമാക്കി സംസ്ഥാനതലത്തിൽ ഏകികൃത ബ്രാൻഡിംഗിൽ ഉല്പന്നം വിപണനം ചെയ്യുന്നുണ്ട്. 16 ഉല്പന്നങ്ങൾ ഈ വിഭാഗത്തിൽ വിപണിയിൽ ലഭ്യമാണ്. രണ്ടാംഘട്ട ബ്രാൻഡിംഗ് പ്രവർത്തനത്തിനായി മറ്റുള്ള ജില്ലകളിൽ പ്രാരംഭ നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | നിലവിൽ ഏതെല്ലാം ജില്ലകളിലാണ് ബ്രാൻഡിംഗ് പദ്ധതി നടപ്പാക്കിയിട്ടുള്ളതെന്നും ഏതെല്ലാം | (ബി) | നിലവിൽ കണ്ണൂർ, മലപ്പുറം, കോട്ടയം, തൃശ്ശൂർ ജില്ലകളിലാണ് കുടുംബശ്രീ ഉല്പന്നങ്ങളുടെ ഒന്നാം ഘട്ട |

| | | | |
|---|---|---|---|
| | ഉല്പന്നങ്ങൾക്കാണ് ഇതുവരെ ബ്രാൻഡിംഗ് നടപ്പാക്കിയിട്ടുള്ളതെന്നും അറിയിക്കുമോ; വ്യക്തമാക്കുമോ; | | ബ്രാൻഡിംഗ് നടപ്പിലാക്കിയിട്ടുള്ളത്. മുളക് പൊടി, മല്ലിപ്പൊടി, മഞ്ഞൾപ്പൊടി, സാമ്പാർ മസാല, ചിക്കൻ മസാല, വെജിറ്റബിൾ മസാല, ഫിഷ് മസാല, മീറ്റ് മസാല, പുട്ട് പൊടി, പത്തിരിപ്പൊടി, ഇൻസ്റ്റൻറ് ഇഡ്ഢലിപ്പൊടി, ഇൻസ്റ്റൻറ് ദോശ, അപ്പപ്പൊടികൾ, ഹെൽത്ത് മിക്സ് എന്നിവ വിപണിയിൽ ലഭ്യമാണ്. |
| (സി) | സംസ്ഥാനത്താകെയുള്ള കുടുംബശ്രീ സംരംഭങ്ങളുടെ ഒരു ക്ലസ്റ്റർ രൂപീകരിച്ച് ഏകീകൃത ബ്രാൻഡിംഗിലേയ്ക്ക് കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | നിലവിൽ കണ്ണൂർ, മലപ്പുറം, കോട്ടയം, തൃശ്ശൂർ ജില്ലകളിലെ കറിപൗഡർ, ധാന്യപ്പൊടി മേഖലയിൽ പ്രവർത്തിക്കുന്ന സംരംഭകരുടെ കൺസോർഷ്യം രൂപീകരിച്ച് മൂല്യശൃംഖല വികസനം സാധ്യമാക്കി സംസ്ഥാനതലത്തിൽ ഏകീകൃത ബ്രാൻഡിംഗിൽ ഉല്പന്നങ്ങൾ വിപണനം ചെയ്യുന്നുണ്ട്. 16 ഉല്പന്നങ്ങൾ ഈ വിഭാഗത്തിൽ വിപണിയിൽ ലഭ്യമാണ്. മുളകുപൊടി, മല്ലിപ്പൊടി, മഞ്ഞൾപ്പൊടി, സാമ്പാർ മസാല, ചിക്കൻമസാല, വെജിറ്റബിൾ മസാല, ഫിഷ് മസാല, മീറ്റ് മസാല, പുട്ടുപൊടി, പത്തിരിപ്പൊടി, ഇൻസ്റ്റന്റ് ഇഡ്ഢലിപ്പൊടി, ഇൻസ്റ്റന്റ് ദോശ, അപ്പപ്പൊടികൾ, ഹെൽത്ത് മിക്സ് എന്നിവ വിവിധ രൂക്കത്തിൽ ബ്രാൻഡ് ചെയ്യപ്പെട്ടിട്ടുണ്ട്. രണ്ടാംഘട്ട ബ്രാൻഡിംഗ് പ്രവർത്തനത്തിനായി മറ്റുള്ള ജില്ലകളിൽ പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>ഇതോടൊപ്പം ഈ സാമ്പത്തിക വർഷം ബനാന ചിപ്സ്, ശർക്കരവരട്ടി ഉല്പന്നങ്ങളുടെ സംസ്ഥാനതല ബ്രാൻഡിംഗ് ഉൽപന്നങ്ങൾ ഓണവിപണിയിൽ എത്തിക്കാൻ കുടുംബശ്രീ ലക്ഷ്യമിടുന്നു. ഇതിനായി ജില്ലാതലത്തിൽ സംരംഭങ്ങളുടെ ക്ലസ്റ്റർ രൂപീകരിക്കാനും സംസ്ഥാന തലത്തിൽ ഒരേ പ്രോട്ടോകോളും എസ്ഒപിയും പായ്ക്കേജിംഗും പിന്തുടർന്ന് വിപണിയിൽ എത്തിക്കാനും ലക്ഷ്യമിടുന്നു.<br><br>നിലവിൽ ജില്ലാതല ക്ലസ്റ്ററുകൾ (കൺസോർഷ്യം) രൂപികരിച്ചാണ് പ്രവർത്തനം നടത്തുന്നത്. എല്ലാ ജില്ലയിലും ബ്രാൻഡിംഗ് നടപടി വ്യാപിപ്പിക്കുന്ന മുറക്ക് ആവശ്യകതയും വിപണി സാധ്യതയും വിലയിരുത്തിക്കൊണ്ട് സംസ്ഥാനത്താകെ ഏകീകൃത ബ്രാൻഡിംഗിലയ്ക്ക് കൊണ്ടുവരുന്നതിനുള്ള സാധ്യത പരിശോധിക്കാവുന്നതാണ് |

സെക്ഷൻ ഓഫീസർ